അവ അർഹിക്കുന്ന സ്ഥാനം ജനജീവിതത്തിൽ നൽകണമെന്ന, ന്യായവും സ്വാഭാവികവുമായ, ആഗ്രഹം ആകുന്നു.

(ഒക്ടോബർ 3—ലെ 'പാക്കിസ്ഥാൻ ടൈംസിൽ' പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിൽനിന്നെടുത്തതാണ് ഈ കുറിപ്പിലെ വസ്തുതകൾ.)

(8 നവംബർ, 1983)

# 13. ഇന്ത്യയെപ്പററി പാക്കിസ്ഥാൻെറ മതിപ്പ്

നമ്മേപ്പററി നമുക്കുള്ള മതിപ്പു തീർച്ചയായും പ്രധാനംതന്നെ. അതേസമയം അന്യർക്ക നമ്മേപ്പററിയുള്ള മതിപ്പിനും പ്രാധാന്യമില്ലായ്കയില്ല. ഈ രണ്ടുതരം മതിപ്പുകളും ഒന്ന് ഒന്നിനു പൊരുത്തപ്പെടാതെവരുമ്പോൾ ജീവിതനിർവഹണം പ്രയാസപൂർണമായിത്തീരുന്നു. പ്രവൃത്തികൾക്ക് ഉദ്ദിഷ്ടവിപരീതങ്ങളായ ഫലങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നു. അന്യർക്ക തന്നെപ്പററിയുള്ള മതിപ്പു മനസ്സിലാക്കാതെ, തന്നെപ്പററി തനിക്കുള്ള മതിപ്പിനെ മാത്രം ആധാരമാക്കി പ്രവർത്തിക്കുന്നവൻ മൂഢസ്വർഗത്തിൽ വസിക്കുന്നവനാണ്. അവൻ തനിക്കോ, സമൂഹത്തിനോ നന്മ ചെയ്യില്ല.

വ്യക്തികളെ സംബന്ധിച്ചിടത്തോളം പ്രസക്തമായ ഈ വസ്തുത രാഷ്ട്രങ്ങളെ സംബന്ധിച്ചാവുമ്പോൾ കൂടുതൽ പ്രസക്തമായിത്തീരുന്നു.

നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാൻ അഫ്ഗാനിസ്ഥാനിലെ റഷ്യൻ സാന്നിദ്ധ്യത്തിൻെറ പേരിൽ, അമേരിക്കയിൽനിന്ന് ആയുധങ്ങളും അത്യാധുനിക സൈനികോപകരണങ്ങളും വാങ്ങിക്കൂട്ടുകയാണ്. അടുത്തകാലത്ത് പാക്കിസ്ഥാൻ അമേരിക്കയിൽനിന്നു കൈയ്യിലാക്കിയിട്ടുള്ള മിസൈലുകൾ ഉപയോഗിച്ച് കടലിൽ നമ്മുടെ കപ്പലുകളെ മാത്രമല്ല, ബോംബെയിൽ കടലിലുള്ള എണ്ണഖനനസംവിധാനമോ, താരാപൂർ അണുവൈദ്യുതീനിലയമോപോലെ, ഇന്ത്യയെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനങ്ങളായ ലക്ഷ്യങ്ങളെക്കൂടി, മിനിട്ടുകൾക്കുള്ളിൽ തകർത്തുകളയാൻ കഴിയും. പാക്കിസ്ഥാനിലെ സേനയുടെ വളരെ വലിയ ഒരു ഭാഗം ഇന്ത്യൻ അതിർത്തിയിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. ഇന്ത്യയ്ക്കെതിരായ പ്രചാരവേല പാക്കിസ്ഥാനിലെ പത്രങ്ങൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നു. ഇതൊക്കെക്കാരണമാവണം, അതിർത്തിക്കപ്പുറത്തുനിന്ന് ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണിയെപ്പററി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇടയ്ക്കിടെ ഇരുണ്ട സൂചനകൾ നല്കിവരുന്നുണ്ട്. തൻെറ പാർട്ടിക്കെതിരായ ആഭ്യന്തരശക്തികൾ യോജിക്കുന്നതു തടയാൻവേണ്ടിയാണ് ഈ ഭീഷണി പ്രധാനമന്ത്രി കൂടെക്കൂടെ ഉയർത്തിക്കാട്ടുന്നതെന്ന് പ്രതിപക്ഷപാർട്ടികൾ ആക്ഷേപിക്കുന്നു.

ഈ പരിതഃസ്ഥിതിയിൽ, ഇന്ത്യയെപ്പററി പാക്കിസ്ഥാനുള്ള ശരിയായ മതിപ്പ് എന്തെന്നു നാം അറിഞ്ഞിരിക്കുന്നതു് നന്ന്. 'പാക്കിസ്ഥാൻ ടൈംസ്' ഓവർസീസ് വീക്ക്ലിയുടെ നവംബർ 20—ാം തീയതിയിലെ ലക്കത്തിൽ, 'ഭീഷണിയുടെ സ്വഭാവം' എന്ന പേരിൽ ഇസഡ്. എ. സുലേരി എഴുതിയ ഒരു ലേഖനം ഇന്ത്യയെപ്പററി പാക്കിസ്ഥാനിലെ അഭ്യസ്തവിദ്യർ പുലർത്തുന്ന മതിപ്പ് എന്തെന്നു വ്യക്തമാക്കുന്നു. സുലേരിയുടെ ലേഖനത്തിൻെറ ഒരു സംക്ഷേപമാണ് താഴെ ചേർക്കുന്നതു്.

'ഇന്ത്യയിൽനിന്നുള്ള ഭീഷണിയെ പാക്കിസ്ഥാൻ നേരിട്ടു വരികയാണെന്നതു് പ്രകടമാണ്' എന്ന് സുലേരി ലേഖനം തുടങ്ങുന്നു. ഈ ഭീഷ

ണിയുടെ സ്വഭാവമെന്തെന്ന് തുടർന്ന്, അദ്ദേഹം പരിശോധിക്കുന്നു. മുസ്ലിങ്ങൾ ഓരോ രാഷ്ട്രമാണെന്ന സിദ്ധാന്തം ഇന്ത്യയ്ക്ക് ഇനിയും ദഹിച്ചിട്ടില്ല. ഈ സിദ്ധാന്തമാണല്ലോ ഇന്ത്യയുടെ വിഭജനത്തിനു കാരണമായത്. മുസ്ലിം രാഷ്ട്രവാദത്തെ അംഗീകരിക്കാത്തതു നിമിത്തമാണ് ഇന്ത്യ—കാശ്മീർ പ്രശ്നം പരിഹരിക്കാത്തതും, കിഴക്കെ പാക്കിസ്ഥാനെ ആക്രമിച്ചതും എന്ന് സുലേരി പറയുന്നു. ഒരൊററ രാഷ്ട്രമെന്ന നിലയിൽ പാക്കിസ്ഥാൻ തകർന്നുവരികയാണെന്നാണ് ഇന്ത്യ കരുതുന്നത്. കിഴക്കൻ ബംഗാൾ പാക്കിസ്ഥാനിൽനിന്നും വിട്ടുപോയതുപോലെ, പടിഞ്ഞാറൻ പാക്കിസ്ഥാനിലെ സംസ്ഥാനങ്ങളും ഒന്നൊന്നായി വിട്ടുപോകുമെന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നു. ഇതു നിമിത്തമാണ് ഈയിടെ സിന്ധിൽ നടന്ന പ്രക്ഷോഭത്തിൽ ഇന്ത്യ ആഹ്ലാദിച്ചതു്.

ഇനി, പാക്കിസ്ഥാൻരാഷ്ട്രം നിലവിൽവരുന്നതിന്, അടിസ്ഥാനമായിരുന്ന മുസ്ലിംരാഷ്ട്രസിദ്ധാന്തത്തെ ഇന്ത്യ അംഗീകരിക്കുന്നു എന്നു തന്നെ വെക്കുക. അങ്ങനെയായാൽ ഇന്ത്യ പാക്കിസ്ഥാനു് ഒരു ഭീഷണിയല്ലാതാവുമോ?

ഒരു സുഹൃദ്‌രാഷ്ട്രമായാലും ഇന്ത്യ പാക്കിസ്ഥാനു ഭീഷണിയല്ലാതാവുകയില്ല എന്ന് സുലേരി പറയുന്നു. പാക്കിസ്ഥാന്റെ നിലനില്പ് ഇന്ത്യ അംഗീകരിക്കുന്നില്ല എന്നതുമൂലമല്ല ഇന്ത്യ പാക്കിസ്ഥാനു ഭീഷണിയായിട്ടുള്ളതു്. ഇന്ത്യയുടെ വലിപ്പം (സൈസ്) ആണ് ഇന്ത്യയെ പാക്കിസ്ഥാനു ഭീഷണിയാക്കി മാററുന്നതു്.

വിസ്തീർണം നോക്കിയാലും ജനസംഖ്യ നോക്കിയാലും ഇന്ത്യ ഒരു വലിയ രാജ്യമാണ്. ഭാവിയിൽ ഇന്ത്യ തെക്കുകിഴക്കേ ഏഷ്യയിലെങ്കിലും ഒരു നിർണായകശക്തിയായി തീരുകയുംചെയ്യും. അമേരിക്കയ്ക്കോ, റഷ്യയ്ക്കോ ഉള്ളത്ര ആയുധശക്തിയും സാങ്കേതികപുരോഗതിയും ഇന്ത്യയ്ക്ക് ഒരിക്കലും കൈവരുകയില്ലെന്നതു ശരിതന്നെ. എങ്കിലും, ഒരു മഹാശക്തിയായിത്തീരുന്നതിനുള്ള അടിത്തറ ഇന്ത്യയിലുള്ളതായി ഇന്ത്യ കരുതുന്നു. മാത്രമല്ല, ചെറിയ അയൽരാജ്യങ്ങളെ ഭീഷണിപ്പെടുത്താൻ കഴിയുമാറ് ഇന്ത്യ ആയുധശക്തി നേടിവരികയാണ്. മഹത്ത്വത്തിലേക്കുള്ള കുറുക്കുവഴിയാണുതാനും ആയുധശക്തി.

ഇന്ത്യയ്ക്ക് വേറെയും ചില അനുകൂല സാഹചര്യങ്ങളുണ്ട്. അതിന്റെ ഭൂപരമായ അഖണ്ഡതയ്ക്കു വൻ ശക്തികൾ (അമേരിക്കയും റഷ്യയും) ഗാരണ്ടി നൽകിയിട്ടുണ്ട്. ചൈനയുമായുള്ള തർക്കം ബുദ്ധിപൂർവം ഇന്ത്യ ഫ്രിജിൽ വച്ചിരിക്കുന്നു. ആഭ്യന്തരമായ ഭിന്നിപ്പുകളെ ആത്മവിശ്വാസത്തോടെ ഇപ്പോൾ ഇന്ത്യയ്ക്കു നേരിടാം. റഷ്യ അഫ്ഗാനിസ്ഥാനിലും അമേരിക്ക ഗ്രനേഡയിലും കൈകടത്തിയ സ്ഥിതിക്ക് ചെറിയ അയൽ രാജ്യങ്ങളിൽ കൈകടത്താൻ ഇനി ഇന്ത്യ ആരേയും കൂസേണ്ടതില്ല. ഭൂട്ടാനോടും നേപ്പാളിനോടും ഇപ്പോൾ ശ്രീലങ്കയോടുമുള്ള ഇന്ത്യയുടെ പെരുമാററങ്ങളിൽ ഈ മനോഭാവം പ്രകടമാണെന്ന് സുലേരി പ്രസ്താവിക്കുന്നു.

പാക്കിസ്ഥാനോട് ഇന്ത്യ പെരുമാറുന്നതെങ്ങനെയാണ്? ധൃതിപ്പെട്ട് ഇന്ത്യ പാക്കിസ്ഥാനെ ആക്രമിച്ചേക്കുകയില്ല. പക്ഷേ, പാക്കിസ്ഥാന്റെ ദേശീയ—അഖണ്ഡത തകർക്കുവാൻ എന്തും ഇന്ത്യ ചെയ്യുമെന്ന് സുലേരി ദൃഢമായി വിശ്വസിക്കുന്നു. പാക്കിസ്ഥാനിൽ പ്രാദേശികവാദങ്ങൾ ആളിക്കത്തിക്കുവാനാണ് ഇന്ത്യ ശ്രമിക്കുന്നതു്. നിർഭാഗ്യവശാൽ സ്വന്തം സംസ്ഥാനങ്ങളോടുള്ള പാക്കിസ്ഥാന്റെ നയവും ഏറെക്കുറെ ഇതിനനുകൂലവും മുസ്ലിം രാഷ്ട്രവാദത്തിനു നിരക്കാത്തതുമാണെന്ന് സുലേരി കരുതുന്നു. മാത്രമല്ല, അഫ്ഗാനിസ്ഥാനിലൂടെ റഷ്യ പാക്കിസ്ഥാനെ വലയംചെയ്തു നിൽക്കുമെന്നും ഇന്ത്യയ്ക്ക് ഉറപ്പുണ്ട്.

അമേരിക്കയും റഷ്യയും അവരുടെ സ്വാധീനമേഖലകളിൽ ചെലുത്തുന്ന അതേ സ്വാധീനം തങ്ങളുടെ അയൽരാജ്യങ്ങളിൽ ചെലുത്തുകയെന്നതാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് സുലേരി കരുതുന്നു. ഈ ലക്ഷ്യം നേടുന്നതിൽനിന്ന് ഇന്ത്യയെ ആർ തടയും? അമേരിക്കയോ, റഷ്യയോ അതിനൊരുങ്ങുകയില്ല. അങ്ങനെ ഭ്രാഷ്ട്രതന്ത്രപരമാണ് ഇന്ത്യയിൽനിന്നു പാക്കിസ്ഥാൻ നേരിടുന്ന ഭീഷണി. ഈ വീക്ഷണത്തിലൂടെ നോക്കുമ്പോൾ, പാക്കിസ്ഥാനുമായുള്ള തർക്കങ്ങൾ തീർക്കാൻ ഇന്ത്യയ്ക്കു യാതൊരു പ്രേരണയുമില്ല. കാലം ഇന്ത്യയുടെ ഭാഗത്താണെന്ന് നെഹ്റു പറയാറുള്ളത് അതുകൊണ്ടാണ്. ഇന്ത്യക്കാരുടെ ഈ വിശ്വാസം ശരിയാണെന്ന് കിഴക്കൻ പാക്കിസ്ഥാന്റെ സ്വാതന്ത്ര്യപ്രാപ്തി തെളിയിക്കുകയുംചെയ്തു.

ഇന്ത്യ ഉയർത്തുന്ന ഈ ഭീഷണിയിൽനിന്നു പാക്കിസ്ഥാന് എങ്ങനെ രക്ഷപ്പെടാം? ഇന്ത്യയുമായി സൗഹാർദ്ദബന്ധങ്ങൾ സ്ഥാപിക്കാൻ പാക്കിസ്ഥാൻ ശ്രമിച്ചിട്ടു ഫലമില്ലെന്ന് സുലേരി വിശ്വസിക്കുന്നു. പാക്കിസ്ഥാനു തുല്യപദവി ഇന്ത്യ ഒരിക്കലും അനുവദിക്കുകയില്ല. അതിനാൽ ഇന്ത്യയുമായി പാക്കിസ്ഥാൻ ഒപ്പിടുന്ന സന്ധിയിലെ വ്യവസ്ഥകൾ നിർദേശിക്കുക ഇന്ത്യയായിരിക്കും. ഇന്ത്യയുമായി പാക്കിസ്ഥാൻ എത്ര സന്ധിയുണ്ടാക്കിയാലും, പാക്കിസ്ഥാന്റെ ദേശീയ പരമാധികാരത്തെ പരിമിതപ്പെടുത്തുകയാവും അതിന്റെ ഫലം. വർഷങ്ങൾ ചെല്ലുന്തോറും പാക്കിസ്ഥാൻ കൂടുതൽ ദുർബലമായിവരും. അതിനാൽ, ഇന്ത്യ—പാക്കിസ്ഥാൻ ബന്ധങ്ങൾ സാധാരണ നിലയിലായിട്ടുണ്ടെന്ന തോന്നൽ പാക്കിസ്ഥാനിൽ ഉളവാകുന്നതു് ആപൽക്കരമാണ്. ഇന്ത്യയുടെ ശത്രുതയെപ്പററി പാക്കിസ്ഥാൻ എപ്പോഴും കരുതിയിരിക്കുകയാണു വേണ്ടതു്.

ഈ പശ്ചാത്തലത്തിൽ, പാക്കിസ്ഥാനിൽ സൈനികമായ തയ്യാറെടുപ്പ് ഉണ്ടായിരുന്നേ മതിയാവൂ. പക്ഷേ, ഇതു് ഒരു താൽക്കാലിക പരിഹാരമേ ആവൂ. പ്രശ്നത്തിന്റെ ശാശ്വതപരിഹാരം വേറെയാണ്.

ഇന്ത്യ—പാക്കിസ്ഥാനെ വീണ്ടും തന്നിൽ ലയിപ്പിക്കാതിരിക്കണമെങ്കിൽ, ഇന്ത്യയോടൊപ്പം വലിപ്പമുള്ള ഒരു 'ബ്ലോക്ക്' ഉണ്ടാക്കി പാക്കിസ്ഥാൻ ഇന്ത്യയെ നേരിടണം. അത്തരം ഒരു ബ്ളോക്ക് ഉണ്ടാക്കാനുള്ള സാദ്ധ്യത നിലവിലുണ്ടുതാനും. പാക്കിസ്ഥാനെപ്പോലെ തന്നെ ദൃഢീകരണം (കൺസോളിഡേഷൻ) മുസ്ലിം മദ്ധ്യപൂർവദേശത്തിനു മുഴുവൻ ആവശ്യമുണ്ട്. ഈ രാജ്യങ്ങളെല്ലാം ചേർന്ന് ഒരു 'ഇസ്ലാമിക് കോൺഫെഡറേഷൻ' ഉണ്ടാക്കാൻ കഴിയും. പാക്കിസ്ഥാന്റെ സ്വാതന്ത്ര്യസമരത്തിന്റെ പൂർത്തീകരണമായിരിക്കും ഈ കോൺഫെഡറേഷൻ. 'ഇസ്ലാമിക് സാഹോദര്യത്തിലേക്കുള്ള ആദ്യ പടിയും മുസ്ലിംലോക—ഐക്യത്തിന്റെ താക്കോലുമാണ് പാക്കിസ്ഥാൻ' എന്ന് ജിന്ന പ്രഖ്യാപിച്ചിട്ടുള്ളതു് അതുകൊണ്ടാണ്. പറഞ്ഞു പഴകിപ്പോയി ഈ ലക്ഷ്യം. ഇസ്ലാമികരാജ്യങ്ങളിലെ ദേശീയബോധം ഒരളവിൽ അതിനു തടസ്സം നിൽക്കുകയുംചെയ്യുന്നു. എങ്കിലും മുസ്ലിം ലോകത്തിന്റെ മുന്നിലുള്ള വെല്ലുവിളി ശക്തിപ്പെട്ടുവരികയാണ്; എതിർശക്തികൾ ഇസ്ലാമിനെ നിഷ്ക്രിയമാക്കുമെന്ന നില വന്നെത്തിയിരിക്കുന്നു. അമേരിക്കയും ഇസ്രയേലും മാത്രമല്ല, സോവ്യററ് യൂണിയനും ഇന്ത്യയുംകൂടി കൊള്ളമുതൽ പങ്കിടുന്നതിൽ മത്സരിക്കാതിരിക്കയില്ല. മുസ്ലിം രാഷ്ട്രങ്ങൾ എന്തെങ്കിലും ചെയ്തേ പററൂ. ഒന്നിച്ചാലേ അവയ്ക്കു രക്ഷയുള്ളൂ. മുസ്ലിങ്ങളുടെ രാഷ്ട്രീയ പുനരുജ്ജീവനത്തിന് ഇസ്ലാം എന്നും കാരണമായിട്ടുണ്ട്. വീണ്ടും അതു് അങ്ങനെയാവണം. ഇന്ത്യയുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിച്ച ശക്തി

നഷ്ടപ്പെടുത്തുകയും അതുവഴി കൃത്രിമമായ ഒരു സുരക്ഷാബോധം ഉളവാക്കുകയും ചെയ്യാതെ പാക്കിസ്ഥാൻ മധ്യപൂർവപ്രദേശത്തിലെ മുസ്ലിം രാജ്യങ്ങളുമായി സാഹോദര്യബന്ധങ്ങൾ അരക്കിട്ടുറപ്പിക്കാൻ യത്നിക്കുകയാണു വേണ്ടതു് എന്നു് സുലേരി ആവർത്തിച്ചു പറയുന്നു. മധ്യപൂർവ്വ രാജ്യങ്ങൾ പരസ്പരം ഭിന്നിക്കുകയും ഇന്ത്യയുടെ ശക്തി ഉറയ്ക്കുകയും ചെയ്യുന്നതു് പാക്കിസ്ഥാന്റെ നാശമായിരിക്കുമെന്നു് അദ്ദേഹം താക്കീതു നല്കുന്നു. മററു് ഇസ്ലാമിക രാജ്യങ്ങളുമായി ബന്ധം സ്ഥാപിച്ചാൽ ഇന്ത്യയെ ചെറുത്തുനില്ക്കാൻ വേണ്ട കഴിവു് പാക്കിസ്ഥാനു കൈവരും. 'ഇന്ത്യയും പാക്കിസ്ഥാനുമാകുന്ന രണ്ടു സഭ്യതകൾ തമ്മിൽ ആദരണീയമായ ഒരു സമത്വം അപ്പോൾ ഉരുത്തിരിഞ്ഞുവന്നേക്കാം' എന്നു് സുലേരി തന്റെ ലേഖനം അവസാനിപ്പിക്കുന്നു.

ഇന്ത്യയെ സംബന്ധിച്ചു് ഇത്തരമൊരു മതിപ്പു പാക്കിസ്ഥാനിലെ ബഹുജനങ്ങൾക്കിടയിൽ വളർന്നുവന്നുകാണാനാണു് പാക്കിസ്ഥാനിലെ ഭരണാധികാരിവർഗം ആഗ്രഹിക്കുന്നതു്. ഈ വസ്തുത ഇന്ത്യക്കാർ മനസ്സിലാക്കിയിരിക്കുന്നതു നന്നു്. കാരണം, മൂഢസ്വർഗത്തിലെ വാഴ്വു് ആർക്കും അഭികാമ്യമല്ല.

(26 നവംബർ, 1983)

# 14. ഇന്ത്യ-പാക്-സംഘർഷം

ബ്രിട്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ 'അസിസ്റ്റന്റ് കമ്മീഷണർ' എന്ന ഉദ്യോഗം വഹിച്ചിരുന്ന രവീന്ദ്രമാത്രേയെ ബർമിങ്ഹാം നഗരത്തിൽവച്ചു് ബസ് കാത്തുനില്ക്കവേ, 1984 ഫെബ്രുവരി മൂന്നാം തീയതി, ഏതാനും പേർ ചേർന്നു തട്ടിക്കൊണ്ടുപോയി. മൂന്നു ദിവസം കഴിഞ്ഞു്, ഫെബ്രുവരി 6–ാം തീയതി, മാത്രേയുടെ ശവശരീരം ബർമിങ്ഹാമിൽനിന്നു മുപ്പതു കി. മീ. അകലെ ലീസെസ്റ്റർഷയർ എന്ന ഗ്രാമത്തിലെ കൃഷിത്തോട്ടത്തിൽ ഒരു കർഷകസ്ത്രീ കണ്ടെത്തി. മാത്രേയെ തട്ടിക്കൊണ്ടുപോയി ഏതാനും മണിക്കൂറുകൾക്കകം ലണ്ടനിലെ ഫ്ളീററ് സ്ട്രീററിലെ റോയ്ട്ടർ വാർത്താ ഏജൻസിയുടെ ഓഫീസിൽ കൈകൊണ്ടെഴുതിയ ഒരു കത്തു കിട്ടി. ഇംഗ്ളണ്ടിൽ ഓഫീസ് തുറന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'കാശ്മീർ ലിബറേഷൻ ഫ്രണ്ട്' എന്ന സംഘടനയുടെ ഒരു വിഭാഗമായ 'കാശ്മീർ ലിബറേഷൻ ആർമി' എന്ന രഹസ്യസംഘത്തിന്റെ വകയാണു് ഈ കത്തു്. തങ്ങളാണു് രവീന്ദ്രമാത്രേയെ തട്ടിക്കൊണ്ടുപോയതെന്നു് ഈ ഭീകരസംഘം അവകാശപ്പെട്ടു. ഇന്ത്യൻ–അധീന–കാശ്മീരിൽ നടത്തിയ ഏതാനും അട്ടിമറിപ്രവർത്തനങ്ങൾ, കൊലപാതകങ്ങൾ, വിമാനം തട്ടിക്കൊണ്ടുപോകൽ മുതലായ കുററങ്ങൾ ചുമത്തി ഇന്ത്യാഗവണ്മെൻറ് അറസ്റ്റ്ചെയ്യുകയും കോടതി വധശിക്ഷ വിധിക്കുകയുംചെയ്ത മക്ബൂൽ ഭട്ടിനെയും അയാളുടെ കൂട്ടുകാരായ അബ്ദുൾഹമീദ് ഭട്ട്, റിയാസ് അഹമ്മദ് എന്നീ തടവുപുള്ളികളെയും പാക്ക്–അധീന കാശ്മീരിലേക്കു കടത്തി പാക്കിസ്ഥാനു വിട്ടുകൊടുക്കണമെന്നും, നഷ്ടപരിഹാരമായി ഒന്നരക്കോടി രൂപ നൽകണമെന്നും ഈ കത്തിൽ ഇന്ത്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിരുന്നു. നിശ്ചിതാവധിക്കകം ഇന്ത്യാഗവണ്മെൻറ് ഇതെല്ലാം ചെയ്യാത്തപക്ഷം മാത്രേയെ തങ്ങൾ കൊല്ലുമെന്ന ഭീഷണിയും കത്തിൽ അടങ്ങിയിരുന്നു. കത്തു നൽകി ഏതാനും മണിക്കൂറുകൾക്കകം,